കഴിഞ്ഞാലേ പാലായിൽ എത്തുകയുള്ളൂവെന്ന് അറിയിച്ചിരുന്നതായും ഹമീദ് പറഞ്ഞതായും ജോണിന്റെ വീട്ടുകാർ പറയുന്നു. പക്ഷേ ജോണിന്റെ വീട്ടുകാർക്ക് യാതൊരു അറിവുമില്ല. ജോൺ വീട്ടുകാരുമായി ബന്ധപ്പെടുകയും ചെയ്തിട്ടില്ല. ജോണിന് എന്തോ സംഭവിച്ചിരിക്കാം എന്നാണ് കരുതപ്പെടുന്നത്. ഈ സാഹചര്യത്തിൽ മാർച്ച് 6-ാം തീയതി ജോണിന്റെ ഭാര്യ ശ്രീമതി സാലി പാലാ ഡി.വൈ.എസ്.പി. മുൻപാകെ പരാതി നൽകിയിട്ടുണ്ട്. പാലാ പോലീസ് സ്റ്റേഷനിൽ മാൻ മിസ്സിംഗ് ഒരു കേസ് ചാർജ് ചെയ്തിട്ടുണ്ട്. ജോണിന്റെ അവസ്ഥയെപ്പറ്റിയുള്ള യഥാർത്ഥ വിവരം ലഭ്യമാക്കുന്നതിനും അദ്ദേഹത്തെ കണ്ടെത്തുന്നതിനും അദ്ദേഹത്തിനും എന്തെങ്കിലും അത്യാഹിതം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനുംവേണ്ടി ഉന്നത തലത്തിൽ സമഗ്രമായ ഒരു അന്വേഷണത്തിന് ഗവണ്മെന്റ് ഉത്തരവിടണം. കഴിയുമെങ്കിൽ ഒരു സ്പെഷ്യൽ അന്വേഷണസംഘത്തെ നിയോഗിക്കുകയും വേണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പാലായിലെ അഭിഭാഷകനായ ശ്രീമാൻ ടി.ജെ. ജോണിനെ 28.2.2000 മുതൽ കാണാതായിയെന്ന് അദ്ദേഹത്തിന്റെ സഹധർമ്മിണി 6.3.2000-ത്തിന് പാലാ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പാല പോലീസ് സ്റ്റേഷനിൽ ക്രൈം 77/2000-നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. പാല സി.ഐ. ജേക്കബിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് തമിഴ്നാട്ടിൽ ദിണ്ടുഗലിലും മറ്റും ഊർജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ

ശ്രീ. ജി. സുധാകരൻ : സർ, കായംകുളം മണ്ഡലത്തിലെ വനിതാ പോളിടെക്നിക്കിന്റെ നിർമ്മാണം ഈ ബഡ്ജറ്റ് വർഷവും ആരംഭിക്കാൻ കഴിയുകയില്ല എന്ന നില ഉണ്ടായിരിക്കുന്നു. ബഡ്ജറ്റിലുള്ള ഒരു കോടിയോളം രൂപ ഉപയോഗിക്കാൻ കഴിയാതെ വരുന്നു..ഈ സർക്കാരിന്റെ കാലത്ത് ഇത് പൂർത്തിയാക്കണമെന്നായിരുന്നു ആഗ്രഹം. ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് 1996 മുതൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി തുടർച്ചയായി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമുഖരായ പല ഉദ്യോഗസ്ഥൻമാരുടെയും താൽപ്പര്യക്കുറവു മൂലമാണ് നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിലേക്ക് നീണ്ടുപോയിരിക്കുന്നത്. ഇതിന്റെ ഫയലുകൾ യഥാർത്ഥത്തിൽ വച്ച് താമസിപ്പിച്ചത് ഏതൊക്കെ ഉദ്യോഗസ്ഥന്മാരാണെന്ന് വസ്തുനിഷ്ഠമായ ഒരു അന്വേഷണം നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 14 വർഷമായി ഒരു എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന കായംകുളം വനിതാ പോളിടെക്നിക്കിന് ശാപമോക്ഷം നൽകാൻ താങ്കളും, ധനകാര്യ മന്ത്രിയും, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ക്യാബിനറ്റും സ്ഥലം എം.എൽ.എ. ആയ എന്നെയും, കായംകുളം നിവാസികളെയും സഹായിച്ചതിന് നിങ്ങളോട് ഞങ്ങൾ കടപ്പെട്ടിരിക്കുകയാണ്. ബഡ്ജറ്റ് തുക പാഴാകാതിരിക്കാൻ നിലവിലുള്ള തുക ചെലവഴിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടെൻഡർ ഉറപ്പിക്കാൻ കാലതാമസം ഉണ്ടായാലും, ബഡ്ജറ്റിലുള്ള തുക നഷ്ടപ്പെടാതെ നോക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബർ ആയിട്ടും ബഡ്ജറ്റ് വർക്കുകൾ ടെൻഡർ ചെയ്ത് കരാറുകൾ ഉറപ്പിക്കാത്തതിനാൽ ഞാൻ നിരന്തരം സർക്കാരിന് ഓർമ്മക്കുറിപ്പുകൾ നൽകിക്കൊണ്ടിരുന്നു. ഇപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 70-ൽപ്പരം ഓർമ്മക്കുറിപ്പുകൾ വിവിധ അധികാരികൾക്ക് നൽകുകയുണ്ടായി. ഒടുവിൽ പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 29-ാം തീയതി സെക്രട്ടേറിയറ്റിൽ വച്ച് പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എന്നെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മരാമത്ത്, വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരുടെ ഉന്നതതല കോൺഫറൻസ് വിളിച്ചുചേർത്ത്, കായംകുളം മണ്ഡലത്തിലെ ബഡ്ജറ്റ് വർക്കുകൾ അടിയന്തിരമായി ആരംഭിക്കുവാൻ ധാരണയായി. അതിൻപ്രകാരം കായംകുളം ബസാർ പാലം പണിയാൻ ഏർപ്പാടായി. മാർച്ച് 2-ന് അങ്ങ് നടക്കല്ലിട്ടുകൊണ്ട് കായംകുളം നിവാസികളുടെ അഭിനന്ദനം നേടിയെടുത്തു. കെ.പി. റോഡിലെ രണ്ടാം കുറ്റി പാലം, മുട്ടം, കായംകുളം ബസാർ റോഡ്, പുതിയിടം, ഗോവിന്ദമുട്ടം, പ്രയാർ റോഡ്, കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ, കായംകുളം മിനി സിവിൽസ്റ്റേഷൻ, കായംകുളം ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂളിലെ മൂന്നു നില ജന്മശതാബ്ദി കെട്ടിടം തുടങ്ങിയ വയ്ക്ക് എ.എസ്. നൽകുകയോ കഴിയാവുന്ന പണികൾ ഉടനെ ആരംഭിക്കുകയോ ചെയ്യാൻ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് കാണിച്ച് ഡിസംബർ 29-ന് നടന്ന ഉന്നതതല റിവ്യൂ കോൺഫറൻസിന്റെ തുടർച്ചയായി വിശദമായ ഒരു കത്ത് പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എനിക്ക് അയച്ചുതരികയുണ്ടായി. ഗവണ്മെന്റിനോടും നാട്ടുകാരോടും ഈ കാര്യത്തിൽ തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിച്ച പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ഉന്നതതല കോൺഫറൻസിന്റെ തീരുമാനപ്രകാരം മാർച്ച് 31-നു മുൻപ് ബഡ്ജറ്റ് വർക്കുകളുടെ പണി ആരംഭിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ചില എഞ്ചിനീയർമാർ പരാജയപ്പെട്ടിരിക്കുകയാണ്. വർക്കുകൾ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ആരംഭിക്കേണ്ടതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട എഞ്ചിനീയർമാർക്കാണ്. അവരിൽ പലരും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് യോജിക്കാത്ത അലംഭാവം കാട്ടിയതുകൊണ്ടാണ് എന്റെ മണ്ഡലത്തിൽ ഈ ദൗർഭാഗ്യം ഉണ്ടായിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെയോ എം. എൽ.എ. യുടേയോ കുറ്റമായി സാമാന്യ ബുദ്ധിയുള്ള ആരും തെറ്റിദ്ധരിക്കുകയില്ല. സർക്കാരിന്റെ ബഡ്ജറ്റ് ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഒന്നിനു പിറകെ ഒന്നായി തടസ്സങ്ങൾ ഉണ്ടാക്കി ജനപ്രതിനിധികളെയും, ജനങ്ങളെയും വിഷമിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരങ്ങൾ എന്റെ പക്കലുണ്ട്. ഇത്തരക്കാർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാതിരിക്കാൻ സാദ്ധ്യമല്ല. പൊതുമരാമത്ത് പണികളുടെ കാര്യത്തിൽ സർവ്വകാല റിക്കാർഡ് സൃഷ്ടിച്ചുകൊണ്ട് ഭരണം നടത്തുന്ന അങ്ങയുടെ കാലത്ത് കായംകുളം മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉള്ള വർക്കുകളും, അവയുടെ തുകകളും നഷ്ടപ്പെടാതെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടിയും അന്വേഷണവും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കഴിഞ്ഞ വെള്ളിയാഴ്ച കായംകുളത്ത് ചില പരിപാടികൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് മുക്കം-ബസാർ റോഡിന്റെ പ്രധാനപ്പെട്ട പാലത്തിന്റെ തറക്കല്ലിട്ടു. ഇവിടെ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ രണ്ടാം നിലയുടെ പണികൾ പൂർത്തിയാക്കി തുറന്നുകൊടുത്തു. അന്ന്, പണികളെല്ലാം ഭംഗിയായി നടക്കുന്നുണ്ട് എന്നാണ് ബഹുമാനപ്പെട്ട ശ്രീ. സുധാകരൻ പറഞ്ഞത്. ഈ പർട്ടിക്കുലർ പരാതികൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം. ഏതായാലും സാധാരണ നിലയിൽ കവിഞ്ഞ വർക്കുകൾ കായംകുളം മണ്ഡലത്തിൽ നടന്നിട്ടുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞാൽ മുൻകാലങ്ങളിൽ ഒരു വർക്കും ഉണ്ടായിരുന്നില്ല. ഇപ്പോൾ ധാരാളം വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്നെ അത് പരസ്യമായി അവിടെ യോഗത്തിൽ പറയുകയും ചെയ്തു. കായംകുളം മണ്ഡലത്തിന്റെ ചരിത്രത്തിൽ പി.ഡബ്ല്യു.ഡി. ഇത്രയും വർക്കുകൾ നടത്തിയിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടില്ല എന്ന് പൊതുയോഗത്തിൽതന്നെ അദ്ദേഹം പ്രസംഗിച്ചു. തിരുവനന്തപുരത്തും അതേ. അപ്പോൾ മറ്റ് പ്രത്യേക വർക്കുകൾ ഏതൊക്കെയാണെന്ന് ഒന്നുകൂടി പരിശോധിക്കാം.

മി. സ്പീക്കർ : ഒന്നുകൂടി നോക്കിയിട്ട് വേണ്ടത് ചെയ്യുക.

(9) പാലക്കാട് വി.വി.പി. ഹൈസ്കൂൾ നിലനിറുത്തണമെന്ന ആവശ്യം

ശ്രീ. ടി.കെ. നൗഷാദ് : സർ, പാലക്കാട് വി.വി.പി. ഹൈസ്കൂൾ അടച്ചുപൂട്ടാതെ ശാശ്വതമായി നിലനിർത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്കൂൾ മാനേജ്മെന്റ് നാട്ടുകാരുടെയും, അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെയുമൊക്കെ ധനസഹായത്തോടെ ആരംഭിക്കുന്ന സ്കൂളുകൾ ചില പ്രത്യേക ഘട്ടങ്ങളിൽ പൈസയുടെ താൽപ്പര്യംകൊണ്ട് അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷം ഇന്ന് കേരളത്തിൽ മൊത്തമുണ്ട്. അതുപോലെതന്നെയാണ് പാലക്കാട് വി.വി.പി. ഹൈസ്കൂൾ. 1993-ൽ അത് പൊന്നുംവിലയ്ക്ക് പോകുമെന്ന് കണ്ട് അടച്ചുപൂട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ വളരെ താൽപ്പര്യമെടുത്തുകൊണ്ടാണ് 1994-ൽ സർക്കാർ ഏറ്റെടുത്തത്. അത് വീണ്ടും 2000 ഏപ്രിൽ ഒന്നിന് സ്കൂൾ മാനേജർക്ക് ഒഴിഞ്ഞുകൊടുക്കണമെന്ന സ്ഥിതി വന്നിരിക്കുകയാണ്. കേരളാ എഡ്യൂക്കേഷൻ റൂളിലെ പ്രത്യേക വ്യവസ്ഥപ്രകാരം സ്കൂൾ മാനേജർക്ക് ഒരു നോട്ടീസ് നൽകി സ്കൂൾ ഏറ്റെടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്ന് നിലനിൽക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇത് മറികടന്ന് അപ്പീൽ കൊടുക്കുന്നതിനും സ്കൂൾ നിലനിറുത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാലക്കാട് വി.വി.പി. ഹൈസ്കൂൾ 1989 മുതൽ സർക്കാർ ഏറ്റെടുത്ത് നടത്തിവരികയായിരുന്നു. ഇതിനെതിരായി മാനേജർ ഫയൽചെയ്ത ഒ.പി. നമ്പർ 3772/89 നമ്പർ മേൽ 7.6.1993-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ സ്കൂൾ മാനേജ്മെന്റിന് തിരികെ നൽകാൻ നിർദ്ദേശം നൽകിയിരുന്നു. ഈ വിധിക്കെതിരായി സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലും 1.4.2000 മുതൽ മാനേജ്മെന്റിന് സ്കൂൾ തിരികെ നൽകാൻ കോടതി ഉത്തരവായിട്ടുണ്ട്. വിധിയുടെ പകർപ്പ് ലഭിച്ചതിനുശേഷം എന്ത് നടപടി സ്വീകരിക്കണമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. കെ.ഇ.ആർ.ലെ വ്യവസ്ഥകളൊക്കെ മറികടന്നു ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിൽ നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. നിയമപരമായി കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(10) കിള്ളിപ്പാലം മുതൽ വഴിമുക്കുവരെ എൻ.എച്ച്. 47 റോഡ് വികസനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, തിരുവനന്തപുരത്ത് ഏറ്റവും വലിയ വികസനം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. കിള്ളിപ്പാലം മുതൽ കരമനവരെയും, കരമനനിന്ന് പാപ്പനംകോട്വരെയും നാല് വരിപ്പാതയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. കരമന മുതൽ വഴിമുക്കുവരെ നാലുവരി

LIBRARY ARCHIVES Kerala Legislative Assembly